പരവൂർ മുനിസിപ്പാലിറ്റിയോട് അഭ്യർത്ഥിച്ചിരുന്നു. എന്നാൽ 11/2012-ൽ മാത്രമാണ് പരവൂർ പൂതക്കുളത്ത് നെല്ലേറ്റിൽ കടവിന് സമീപം നിലവിലുള്ള വാട്ടർ സപ്ലൈ സ്കീമിൽ, ഓവർഹെഡ് വാട്ടർ ടാങ്ക് നിർമ്മിക്കുന്നതിന് സ്ഥലം ലഭ്യമാണെന്ന് മുൻസിപ്പൽ അധികൃതർ അറിയിക്കുകയുണ്ടായത്. തീരസമൃദ്ധി പദ്ധതി പ്രകാരം 2002-ൽ ആണ് കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിന് ഇക അനുവദിച്ചിരുന്നത്. ഭരണാനുമതി ലഭിച്ച് അഞ്ച് വർഷത്തിനകം പദ്ധതി നടപ്പിലാക്കേണ്ടതായിരുന്നു. തീരസമൃദ്ധി വഴി നടപ്പിലാക്കിയ പ്രവൃത്തികൾ Letter of Credit മുഖേനയാണോയെന്ന് വ്യക്തമാക്കുവാനും 50 ലക്ഷം രൂപ അനുവദിച്ചതിൽ 15 ലക്ഷം രൂപ സറണ്ടർ ചെയ്തതിനും 15.19 ലക്ഷം രൂപ ശേഷിച്ചതെങ്ങനെയെന്നും മൊത്തം ഇകയിലെ ബാക്കിയായ 36,28,830 രൂപ ടി പദ്ധതി നിർത്തലാക്കിയ സാഹചര്യത്തിൽ സറണ്ടർ ചെയ്യാത്തത് എന്തുകൊണ്ടാണെന്നുള്ള കാര്യങ്ങൾ ഉൾപ്പെടുത്തി വ്യക്തമായ ശിപാർശ സമർപ്പിക്കുവാൻ ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. തീരസമൃദ്ധി പദ്ധതി ഇപ്പോൾ നിലവിലില്ല.

കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ

147 (2016) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡവലപ്പ്മെന്റ് കോർപ്പറേഷൻ പ്രധാനമായും ഏറ്റെടുത്ത് നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണ് ;

(ബി) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ പരവൂർ നഗരസഭയിലെ ഒരു റോഡും ചാത്തന്നൂർ, പാരിപ്പള്ളി എന്നിവിടങ്ങളിലെ പൊതു മാർക്കറ്റും നവീകരിക്കണമെന്ന് കാണിച്ച് അപേക്ഷ പ്രസ്തുത സ്ഥാപനത്തിന് ലഭിച്ചിരുന്നുവോ ; എങ്കിൽ അതിന്മേൽ അനുകൂല നടപടി സ്വീകരിക്കുവാൻ സർക്കാർ സന്നദ്ധമാകുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ തീരദേശ മേഖലയുടെ സമഗ്രമായ അടിസ്ഥാന സൗകര്യവികസനം, മത്സ്യവിതരണ വിപണനരംഗത്തെ ആധുനികവൽക്കരണം, മത്സ്യത്തൊഴിലാളികളുടെ ഉന്നമനം എന്നിവ പ്രധാന ലക്ഷ്യമാക്കിയുള്ള വിവിധ പദ്ധതികൾ കോർപ്പറേഷൻ മുഖേന നടപ്പിലാക്കി വരുന്നു. സമഗ്ര തീരദേശ വികസന പദ്ധതി, സംയോജിത മത്സ്യഗ്രാമ വികസന പദ്ധതി, മാതൃകാ മത്സ്യഗ്രാമ പദ്ധതി, മത്സ്യ മാർക്കറ്റുകൾ നിർമ്മാണം, കടൽസുരക്ഷാ പദ്ധതി, ആഴക്കടൽ മത്സ്യബന്ധന പദ്ധതി, കൃത്രിമപാര് പദ്ധതി, മത്സ്യവിജ്ഞാന കേന്ദ്രങ്ങൾ ജി.പി.എസ്. - വി.എച്ച്.എഫ്. സംവിധാനം, കോൾഡ് ചെയിൻ സംവിധാനം എന്നിവയാണ് പ്രധാന പദ്ധതികൾ.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ പരവൂർ നഗരസഭയിലെ മാങ്ങാക്കുന്ന് വാർഡിൽ ചരുവിള ജംഗ്ഷൻ-വെട്ടിക്കുന്ന് വിള-പെരുവിള റോഡ് ഗതാഗത യോഗ്യമാക്കണമെന്ന് കാണിച്ച് നിവേദനം കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷന് ലഭിച്ചിട്ടുണ്ട്. ഇതോടൊപ്പംതന്നെ ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ ചാത്തന്നൂർ ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള ചാത്തന്നൂർ മത്സ്യമാർക്കറ്റും കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള പാരിപ്പള്ളി മത്സ്യമാർക്കറ്റും നവീകരിക്കുന്നതിനുള്ള നിവേദനവും ലഭിച്ചിരുന്നു. ദേശീയ മത്സ്യ വികസന ബോർഡിന്റെ ധനസഹായത്തോടെ നടപ്പിലാക്കുന്ന ആധുനിക മത്സ്യമാർക്കറ്റ് നിർമ്മാണ പദ്ധതിയിലുൾപ്പെടുത്തി സംസ്ഥാനത്തെ വിവിധ സ്ഥലങ്ങളിലായി 11 മത്സ്യമാർക്കറ്റുകൾ നിർമ്മിക്കുന്നതിനായി പ്രൊപ്പോസൽ ദേശീയ മത്സ്യ വികസന ബോർഡിന് സമർപ്പിച്ചിട്ടുണ്ട്. പദ്ധതികൾക്ക് എൻ.എഫ്.ഡി.ബി-ൽ നിന്നും അംഗീകാരം കിട്ടുന്ന മുറയ്ക്ക് പുതിയ മാർക്കറ്റുകളുടെ പ്രൊപ്പോസൽ അംഗീകരിക്കുന്നതാണ്. റോഡ് നിർമ്മാണത്തിന്റെ പദ്ധതി സാധ്യതാ പഠനം നടത്തി മേൽ നടപടികൾ സ്വീകരിക്കുന്നതാണ്.

മത്സ്യഗ്രാമ വികസന പദ്ധതി

148 (2017) ശ്രീ. അൻവർ സാദത്ത് :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യ ഗ്രാമ വികസന പദ്ധതിക്ക് തുടക്കമിട്ടിട്ടുണ്ടോയെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത് ;

(ഡി) ഇതുവഴി എന്തെല്ലാം സൗകര്യങ്ങളാണ് മത്സ്യത്തൊഴിലാളികൾക്ക് ലഭിക്കുന്നത് ; വിശദാംശങ്ങൾ നല്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് മാതൃകാ മത്സ്യഗ്രാമ പദ്ധതിക്ക് തുടക്കമിട്ടിട്ടുണ്ട്. ആദ്യപടിയായി തെരഞ്ഞെടുക്കപ്പെട്ട 11 തദ്ദേശസ്വയംഭരണ പ്രദേശത്ത് 135 കോടി രൂപയുടെ ഭവന നിർമ്മാണ പ്രവർത്തനത്തിനുള്ള നടപടികൾ ദ്രുതഗതിയിൽ നടന്നുവരുന്നു. സംയോജിത മത്സ്യഗ്രാമ വികസനപദ്ധതിയിലുൾപ്പെടുത്തി വികസനപരമായി

LIBRARY ARCHIVES Kerala Legislative Assembly